# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 8153 — 17.07.2014 - ൽ മറുപടിയ്ക്ക്

## നാച്ചുറോപ്പതിയും യോഗിക് സയൻസും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | നാച്ചുറോപ്പതിയും യോഗിക് സയൻസും ശാസ്ത്രീയ ചികിത്സാ രീതിയായി അംഗീകരിച്ചുകൊണ്ട് കേരളത്തിൽ എത്ര സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് ; | (എ) | ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ 50 കിടക്കകളോട്ടുകൂടിയ ഒരു പ്രകൃതി ചികിത്സാ ആശുപത്രിയും, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഗവൺമെന്റ് ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് 10 കിടക്കകളോട്ടുകൂടിയ ഒരു പ്രകൃതി ചികിത്സാ യൂണിറ്റും കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിൽ ഒരു പ്രകൃതി ചികിത്സാ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | ഇവിടെ എത്ര ഡോക്ടർമാരും അനുബന്ധ തസ്തികകളുമുണ്ട് ; | (ബി) | 4 മെഡിക്കൽ ഓഫീസർമാരുടെ തസ്തികകളും 17 അനുബന്ധ തസ്തികകളുമുണ്ട്. |
| (സി) | താരതമ്യേന ചെലവ് കുറഞ്ഞതും പാർശ്വ ഫലങ്ങൾ ഇല്ലാത്തതെന്ന് വിശേഷിപ്പിക്കുന്നതുമായ പ്രസ്തുത ചികിത്സാ രീതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | ഉണ്ട് |
| (ഡി) | ഉണ്ടെങ്കിൽ ഇതിനുവേണ്ടി കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ ? | (ഡി) | സംസ്ഥാനത്ത് കോഴിക്കോട്, തൃശ്ശൂർ, ഇടുക്കി-പാറേമാവ്, ആലപ്പുഴ എന്നീ ജില്ലകളിൽ പ്രകൃതി ചികിത്സാ ആശുപത്രികൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ആരോഗ്യ സുരക്ഷാ പദ്ധതികൾ -മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ